# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 712      30.06.2015-ൽ മറുപടിക്ക്

## അനധികൃത സ്കാനിംഗ് സെന്ററുകളും ക്ലിനിക്കുകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) രജിസ്ട്രേഷൻ ഇല്ലാതെയും ചട്ടങ്ങൾ പാലിക്കാതെയും പ്രവർത്തിച്ച വരുന്ന സ്കാനിംഗ് സെന്ററുകളെക്കുറിച്ചും ക്ലിനിക്കുകളെക്കുറിച്ചും വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ ; | (എ) പി.സി. & പി.എൻ.ഡി.റ്റി. നിയമം പ്രാബല്യത്തിൽ വന്ന ശേഷം രജിസ്ട്രേഷൻ നടത്താതെയും ചട്ടങ്ങൾ പാലിക്കാതെയും ഒരു സ്കാനിംഗ് സെന്റർ പോലും സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ നിയമപരമായി സാധിക്കുകയില്ല. ഇത് ഉറപ്പുവരുത്തുന്നതിനായി പി.എൻ. ഡി..റ്റി. യുടെ ജില്ലാ അപ്രോപ്രിയേറ്റ് അതോറിറ്റിയായ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധനകൾ നടന്നു വരുന്നുണ്ട്. മേയ് 26, 2015-ൽ സംസ്ഥാന വ്യാപകമായി 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി പി.എൻ.ഡി.റ്റി. സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുകയുണ്ടായി. |
| (ബി) ഇത്തരം സ്കാനിംഗ് സെന്ററുകളും ക്ലിനിക്കുകളും ഗുരുതരമായ നിയമലംഘനത്തിന്റെയും ഭ്രൂണഹത്യയുടെയും കേന്ദ്രങ്ങളായി മാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) കേരളത്തിൽ പ്രവർത്തിച്ചുവരുന്ന സ്കാനിംഗ് സെന്ററുകളിൽ നടത്തിയ പരിശോധനയിൽ പി.എൻ.ഡി.റ്റി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ കാലാവധി കഴിഞ്ഞതും, ഈ നിയമത്തിലെ മറ്റുചട്ടങ്ങളിലെ ലംഘനങ്ങളും കണ്ടുപിടിക്കപ്പെടുകയുണ്ടായെങ്കിലും, പെൺ ഭ്രൂണഹത്യ നടക്കുന്നതായുള്ള തെളിവുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. നിയമലംഘനങ്ങൾ നടത്തിയ സ്ഥാപനങ്ങൾ പൂട്ടുകയോ, നോട്ടീസ് നൽകുകയോ, താക്കീത് നൽകുകയോ ചെയ്ത് കൊണ്ടും, തൃപ്തികരമല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു കൊണ്ടും ആരോഗ്യവകുപ്പ് ഈ മേഖലയിലുള്ള ജാഗ്രത ശക്തിപ്പെടുത്തിയിട്ടുണ്ട്. |

(.....2)

| | |
|---|---|
| (സി) ഉണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) അൾട്രാ സൗണ്ട് സ്കാനിംഗ് സെന്ററുകളെ നിയന്ത്രിക്കുന്നതിന് സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ നടത്തിവരുന്ന പി.സി. & പി.എൻ.ഡി.റ്റി. ആക്ട് ഇപ്പോൾതന്നെ നിലവിലുണ്ട്. ഈ നിയമം നടപ്പിലാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും നിയമ ലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക വഴി ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, ലബോറട്ടറികൾ, നഴ്സിംഗ് ഹോം തുടങ്ങിയവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്കു വേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' സർക്കാരിന്റെ സജീവ പരിഗണനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ